പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത്

വാർഷിക പദ്ധതി 2026-27

ടെണ്ടർ നോട്ടീസ്

No- 2157630/എ.എസ്

തീയ്യതി: 16/10/2026

പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്തിന് വേണ്ടി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യാഗസ്ഥനായ 2026-27 വാർഷിക പദ്ധതികളുടെ നിർവ്വഹണം നടത്തുന്നതിലേക്കായി താഴെപറയുന്ന സാധന സാമഗ്രികൾ വിതരണം ചെയ്യാൻ സന്നദ്ധരായ സ്ഥാപനങ്ങൾ/ഏജൻസികളിൽ നിന്നും മത്സര സ്വഭാവത്തിലുള്ള ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു.

ക്രമനം	വിവരണം	എണ്ണം	തുക	നിരതദ്രവ്യം	ടെണ്ടർ ഫോറത്തിന്റെ വില	കാലാവധി
1	പ്രോജക്ട് നം- 124/26 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് കപ്പാസിറ്റി 500 ലീറ്റർ, 3 ലെയർ, ISO അംഗീകാരമുള്ള ഉൽപന്നം, സിലിണ്ടർ ആകൃതി, വെള്ള നിറം	21	84000	1500	200+ 18% ജി.എസ്.ടി	1 മാസം
2	പ്രോജക്ട് നം- 209/26 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് – കപ്പാസിറ്റി 500 ലീറ്റർ, 3 ലെയർ, ISO അംഗീകാരമുള്ള ഉൽപന്നം, സിലിണ്ടർ ആകൃതി, വെള്ള നിറം	25	100000	1500	200+ 18% ജി.എസ്.ടി	1 മാസം

നിബന്ധനകൾ

1. പ്രവൃത്തിയുടെ പേര് എഴുതി സീൽ ചെയ്ത കവറുകൾ ഇന്ത്യാ പോസ്റ്റിന്റെ രജിസ്റ്റേഡ്/ സ്പീഡ് പോസ്റ്റായി അസിസ്റ്റന്റ് സെക്രട്ടറി, പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത്, ചാലിങ്കാൽ, ഹരിപുരം, കാസർഗോഡ് ജില്ല, 671531 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. പോസ്റ്റൽ തടസ്സങ്ങൾ ടെണ്ടറുകൾ കാരണമായി പരിഗണിക്കുന്നതല്ല.
2. ടെണ്ടറുകൾ താഴെചേർത്ത സമയ പ്രകാരം ഹാജരുള്ള ടെണ്ടറുകാരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. ടെണ്ടറുകൾ മതിപ്പ നിരക്കുകൾ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടറുകൾ സ്വീകരിക്കുന്ന/തുറക്കുന്ന ദിവസം ആകസ്മിക അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം മേൽസമയത്തു തന്നെ,

സ്വീകരിക്കുന്നതാണ്/പരിശോധിക്കുന്നതാണ്. ടെണ്ടറുകൾ കാരണം കാണിക്കാതെ നിരസിക്കുന്നതിനുള്ള അധികാരം പഞ്ചായത്തിന് ഉണ്ടായിരിക്കുന്നതാണ്. പ്രവൃത്തി ദിവസങ്ങളിൽ ബന്ധപ്പെട്ട പ്രവൃത്തിയുടെ വിശദാംശങ്ങൾ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

3. ഗുണഭോക്താക്കളുടെ അർഹതയനുസരിച്ച് ആവശ്യമുള്ള ടാങ്കുകളുടെ എണ്ണത്തിൽ മാറ്റം വരാവുന്നതാണ്. ടെണ്ടർ നിരക്കിൽ ആവശ്യമുള്ള ടാങ്കുകൾ വിതരണം ചെയ്യേണ്ടതാണ്.
4. ടാങ്കിൻമേൽ പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത് 2026-27 വാർഷിക പദ്ധതി എന്ന് 4 ഇഞ്ച് വലുപ്പത്തിൽ ചുവന്ന അക്ഷരത്തിൽ എഴുതണം.
5. വാട്ടർ ടാങ്കുകൾ ഗുണഭോക്താക്കൾക്ക് നേരിട്ട് എത്തിച്ചു കൊടുക്കേണ്ടതാണ്.
6. ടെണ്ടർ കൺഫർമേഷൻ ലഭിച്ച് 7 ദിവസത്തിനുള്ളിൽ ടെണ്ടർ തുകയുടെ 5% സെക്യൂരിറ്റി നിക്ഷേപിച്ച് കരാർ വെക്കേണ്ടതും സപ്ലൈ ഓർഡർ ലഭിച്ച് 15 ദിവസത്തിനകം വിതരണം ചെയ്യേണ്ടതുമാണ്.
7. എല്ലാ സർക്കാർ നിബന്ധനകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള പ്രൊക്വയർമെന്റ് മാർഗ്ഗ രേഖയും ഈ ടെണ്ടർ/ ക്വട്ടേഷന് ബാധകമാണ്. ടെണ്ടർ സംബന്ധിച്ച അന്തിമ തീരുമാനം പഞ്ചായത്ത് ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കും.
8. സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ടെണ്ടറുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. അല്ലാത്തവ നിരസിക്കുന്നതായിരിക്കും.

ടെണ്ടർ സമയക്രമം

ടെണ്ടർ ഫോറം വിതരണം ചെയ്യുന്ന അവസാന തീയ്യതി : 07/11/2026 5 pm

ടെണ്ടർ ഫോറം സ്വീകരിക്കുന്ന അവസാന തീയ്യതി : 09/11/2026 5 pm

ടെണ്ടർ തുറക്കുന്ന തീയ്യതി : 10/11/2026 2 pm

PULLUR-PERIYA GRAMA PANCHAYATH
0467-2234030
KASARAGOD

അസിസ്റ്റന്റ് സെക്രട്ടറി
പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത്